of the Police in general. Consideration of this matter may be resumed after receipt of the information asked for.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: സർ, തിരുവിതാംകൂർ കൊച്ചിയുടെ അതുത്തിപ്രദേശത്തു് മലബാർ പോലീസ് കൈകടത്തിയിട്ടുള്ള അക്രമങ്ങളെപ്പറ്റി നേരിട്ടു് ഒരു അന്വേഷണം നടത്തി അതിന്മേൽ കേസെടുക്കുന്നതിനു് ഈ ഗവണ്മെൻറിനു് അധികാരമില്ലെന്നാണോ? വിശേഷിച്ചും ഇവിടെയുള്ള കറപ്പേരെ അവർ അറസ്റ്റ് ചെയ്തു കൊണ്ടുപോയിരിക്കയും ചെയ്തിരിക്കുന്നു.

മിസ്റ്റർ സ്പീക്കർ: ഈ കേസിനെപ്പറ്റി ഇതുവരെയുണ്ടായിട്ടുള്ള ഈ ഗവണ്മെൻറിന്റെ നടപടികൾ എന്തെല്ലാമാണെന്നു് സഭയെ അറിയിച്ചുകഴിഞ്ഞു. കേസിന്റെ വിശദവിവരങ്ങളിൽ പ്രവേശിക്കുന്നതിനു് ഈ ഗവണ്മെൻറിനു് അധികാരമുണ്ടെന്നു തോന്നുന്നില്ല. ഏതായാലും ആവശ്യപ്പെട്ടിരിക്കുന്ന അറിവുകൾ ലഭിക്കുന്നതിനുമുമ്പു ഈ വിഷയത്തെ സംബന്ധിച്ചു വാദപ്രതിവാദം തുടരണമെന്നില്ല.

EXTENSION OF SITTING FOR OFFICIAL LEGISLATIVE BUSINESS

മിസ്റ്റർ സ്പീക്കർ: ഞാൻ ഇന്നലെ ഈ സഭയിൽ സൂചിപ്പിച്ചിരുന്നതുപോലെ ഒഫീഷ്യൽ ലജിസ്ലേറ്റീവ് ബിസിനസ്സിനുവേണ്ടി ഈ സഭ നാളെയും കൂടുന്നതാണു്.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST

Mr. Speaker: Now we will proceed to resolutions on matters of general public interest.

ശ്രീ. ഉദയഭാനു ഹാജരാക്കീട്ടുള്ള പ്രമേയമാണു് ആദ്യമായി ചർച്ചയ്ക്കു് എടുക്കുവാനുള്ളതു്.

Family Planning Work

"This House resolves that Government should render all help and assistance in Family Planning Work."

ഈ പ്രമേയം അവതരിപ്പിക്കണമെന്നു് ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യാം.

ശ്രീ. എ. പി. ഉദയഭാനു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു.

സർ, ഞാൻ ഈ സഭയുടെ സവിശേഷശ്രദ്ധക്കു് വിഷയമാക്കണമെന്നു് വിചാരിക്കുന്ന പ്രമേയം ഇതാണു്.

"This House resolves that the Government should render all help and assistance in Family Planning Work."

സർ, കുടുംബസംവിധാനം ചെയ്യുന്ന വിഷയത്തിൽ പൊതുജനങ്ങൾക്കു ഗവണ്മെൻറു്, സഹായസഹകരണങ്ങളും ചെയ്തുകൊടുക്കേണ്ടതാണു് എന്ന ആവശ്യപ്പെടുന്ന ഒരു പ്രമേയമാണു് ഞാൻ ഈ സഭയുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഞാൻ ഈ വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള തത്വങ്ങളെ സംബന്ധിച്ചു് ലഘുതത്ത്വോട്ടുകൂടി കൈകാര്യം ചെയ്യണമെന്നു് ആഗ്രഹിക്കുന്നില്ല. ഈ പ്രമേയം അതർഹിക്കുന്ന ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യണമെന്നാണു് എനിക്കു സഭയോടു് അഭ്യർത്ഥിക്കാനുള്ളതു്. ആ അപേക്ഷയോടുകൂടെയാണു് ഈ പ്രമേയം സഭയുടെ ശ്രദ്ധക്കു് വിഷയീഭവിപ്പിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly